# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5725** **24-05-2017-ൽ മറുപടിയ്ക്ക്**

**ലീഗൽ മെട്രോളജി വകുപ്പിനെ നവീകരിച്ച് ശാക്തീകരിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്.ശിവകുമാർ<br>" എ.പി.അനിൽകുമാർ<br>" പി.ടി.തോമസ്<br>" എൽദോസ് കുന്നപ്പിള്ളി | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ലീഗൽ മെട്രോളജി വകുപ്പിനെ നവീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദീകരിക്കുമോ;<br><br>(ബി) വകുപ്പിനെ വിപുലീകരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിവരിക്കുമോ; | (എ) & (ബി) ലീഗൽ മെട്രോളജി വകുപ്പിനെ നവീകരിക്കുന്നതിന്റെയും വിപുലീകരിക്കുന്നതിന്റെയും ഭാഗമായി ഉപഭോക്തൃ സംരക്ഷണം ഉറപ്പാക്കുന്നതിനായി 14 പുതിയ വാഹനങ്ങൾ വാങ്ങുകയും, നിലവിലുള്ള ലാബുകൾ നവീകരിക്കുകയും അത്യാധുനിക ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു. സർക്കാർ ഭൂമി ലഭ്യമായ സ്ഥലങ്ങളിൽ സ്വന്തമായി ആഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. സെക്കൻഡറി സ്റ്റാൻഡേർഡ്, വർക്കിംഗ് സ്റ്റാൻഡേർഡ് ലാബുകൾ, വെഹിക്കിൾ ടാങ്ക് കാലിബ്രേഷൻ യൂണിറ്റ്, ഹൈ കപ്പാസിറ്റി വെയ്റ്റ് കാലിബ്രേഷൻ യൂണിറ്റ്, സ്ഫിഗ്മോമാനോമീറ്റർ വെരിഫിക്കേഷൻ ലാബ് എന്നിവ ഉൾപ്പെടുന്ന ഹെഡ് ക്വാർട്ടേഴ്സ് മന്ദിരത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. |
| (സി) വകുപ്പിനെ ശാക്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ? | (സി) ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന്റെ ഭാഗമായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ പൊതുജനങ്ങൾക്ക് ഓൺലൈനിലൂടെ പരാതി നൽകുന്നതിനും ഓൺലൈനിലൂടെയുള്ള സേവനങ്ങൾക്കായി LMOMS (Legal Metrology Operation Management System) എന്ന ഒരു സോഫ്റ്റ് വെയർ പൊതുജനങ്ങൾക്കായി തുറന്നു |

കൊടുക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഉപഭോക്താക്കളുടെ പരാതിയിൽ സത്വര നടപടി സ്വീകരിക്കുന്നതിനും, വ്യാപാര സ്ഥാപനങ്ങളിൽ പോയി പരിശോധന നടത്തി സർട്ടിഫൈ ചെയ്യുന്നതിനുമായി അളവുതൂക്ക ഉപകരണങ്ങൾ വാഹനങ്ങളിൽ സജ്ജമാക്കിയ Mobile Verification Lab എന്ന പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ പുരോഗമിക്കുന്നു.

Chithralekha R G

സെക്ഷൻ ഓഫീസർ